**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 805** **06-10-2021 - ല്‍ മറുപടിയ്ക്ക്**

**എസ്.സി./എസ്.ടി. വിദ്യാര്‍ത്ഥികള്‍ക്ക് ഇ ഗ്രാന്റ് കാലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവര്‍ഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | എസ്.സി./എസ്.ടി. വിദ്യാര്‍ത്ഥികള്‍ക്ക് ഇ ഗ്രാന്റ് അനുവദിച്ചു നല്‍കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കില്‍ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികള്‍ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | പട്ടികജാതി പട്ടികവര്‍ഗ്ഗ വിഭാഗം വിദ്യാര്‍ത്ഥികള്‍ക്ക് ഇ-ഗ്രാന്റ്സ് അനുവദിക്കുന്നതിന് കാലതാമസം നേരിടുന്നില്ല. എന്നാല്‍ കേന്ദ്ര സര്‍ക്കാര്‍ നിഷ്ക്കര്‍ഷിച്ച മാറ്റങ്ങള്‍ നടപ്പില്‍ വരുത്തേണ്ട സാഹചര്യത്തില്‍, നിലവില്‍ പോസ്റ്റ്മെട്രിക് വിദ്യാര്‍ത്ഥികള്‍ക്കുള്ള ഇ-ഗ്രാന്റ്സ് വിതരണം താത്കാലികമായി നിര്‍ത്തിവച്ചിരിക്കുകയാണ്. ഇ-ഗ്രാന്റ്സ് സൈറ്റില്‍ ആവശ്യമായ മാറ്റങ്ങള്‍ വരുത്തി ധനസഹായ വിതരണം അടിയന്തിരമായി പുനരാരംഭിക്കുന്നതാണ്. അനുവദനീയമായ വിദ്യാഭ്യാസാനുകൂല്യങ്ങള്‍ അര്‍ഹത പരിശോധിച്ച് ഉറപ്പുവരുത്തി ഇ-ഗ്രാന്റ്സ് മുഖേന യഥാസമയം അനുവദിച്ചുവരുന്നു. പട്ടികജാതി വിഭാഗം വിദ്യാര്‍ത്ഥികള്‍ക്കുള്ള ഇ-ഗ്രാന്റ്സ് ബില്‍ പ്രോസസിംഗും തുക വിതരണവും മതിയായ ശ്രദ്ധയും സുരക്ഷയും ഉറപ്പുവരുത്തി ജില്ലാതലത്തിലേക്ക് മാറ്റുന്നതിന്, 18/09/2021ലെ സ.ഉ.(സാധാ) നം.834/2021/പജപവവിവ പ്രകാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടര്‍ക്ക് അനുമതി നല്‍കിയിട്ടുണ്ട്. |
| (ബി) | നിലവില്‍ പ്രസ്തുത ഗ്രാന്റ് നല്‍കുന്നതിനുള്ള സംവിധാനം എന്താണെന്ന് വിശദമാക്കാമോ? | (ബി) | വിദ്യാര്‍ത്ഥികള്‍ അക്ഷയ സെന്റര്‍ മുഖേന ഇ-ഗ്രാന്റ്സ് സ്കോളര്‍ഷിപ് പോര്‍ട്ടലില്‍ അപേക്ഷിക്കുകയും അപേക്ഷയുടെ പ്രിന്റൗട്ട് സ്ഥാനപത്തിന് നല്‍കുകയും ചെയ്യുന്നു. സ്ഥാപന മേധാവി പ്രസ്തുത അപേക്ഷയും അനുബന്ധമായ രേഖകളും പരിശോധിക്കുന്നു. ഗവ/എയ്ഡഡ് സ്ഥാപനങ്ങള്‍ അപേക്ഷയുടെ ഹാര്‍ഡ് കോപ്പി സ്ഥാപനത്തില്‍ സൂക്ഷിച്ച് ഓണ്‍ലൈന്‍ അപേക്ഷ ജില്ലാ ഓഫീസിലേക്ക് ഫോര്‍വേഡ് ചെയ്യുന്നു. സ്വാശ്രയ സ്ഥാപനങ്ങള്‍ ഹാര്‍ഡ്കോപ്പിയും ഓണ്‍ലൈന്‍ അപേക്ഷയും ബന്ധപ്പെട്ട ജില്ലാ ഓഫീസുകളിലേക്കു ഫോര്‍വേഡ് ചെയ്യുന്നു. ജില്ലാ |

| | | | |
|---|---|---|---|
| | | | ഓഫീസിൽ പ്രസ്തുത അപേക്ഷകൾ പരിശോധിച്ച<br>അർഹതയുള്ള അപേക്ഷകൾക്ക അനുമതി നൽകുന്നു.<br>അനുമതി ലഭ്യമായ അപേക്ഷകരുടെ ആനുകൂല്യങ്ങൾ<br>സ്ഥാപനത്തിൽ നിന്നും ഫോർവേഡ് ചെയ്യുകയും<br>ആയത് ജില്ലാ ഓഫീസിൽ പരിശോധിച്ച് പേയ്മെന്റ്<br>ചെയ്യുന്നതിനായി ഡയറക്ടറേറ്റ്തലത്തിൽ എത്തുന്നു.<br>ഡയറക്ടറേറ്റിൽ നിന്നും വിദ്യാർത്ഥികൾക്കുള്ള<br>ആനുകൂല്യം വിദ്യാർത്ഥികളുടെ അക്കൗണ്ടിലേക്കും<br>സ്ഥാപനത്തിന് ലഭിക്കേണ്ട ഫീസുകൾ<br>സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്കും<br>അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ